**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1422**
**03.05.2017 ൽ മറുപടി നൽകേണ്ടത്**

**ക്ഷേമ പദ്ധതികൾക്ക് ആധാർ**

**ചോദ്യം**
ശ്രീ. ഡി കെ മുരളി

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരള സർക്കാരിന്റെ ക്ഷേമ പദ്ധതികൾ അനുസരിച്ചും അല്ലാതെയുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനും സാമൂഹ്യ നീതി വകുപ്പിൽ നിന്നും കേരളാ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും നേരിട്ട് നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ആധാർ ഇതുവരേയും നിർബന്ധമാക്കിയിട്ടില്ല. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം കുറ്റമറ്റതാക്കാൻ ആധാർ ഒരു തിരിച്ചറിയൽ രേഖയായി ഉപയോഗിക്കുന്നുണ്ട്. ആധാർ ഇല്ലാത്തവർ മറ്റ് ഏതെങ്കിലും സർക്കാർ തിരിച്ചറിയൽ രേഖ നൽകിയാലും മതിയാകും. |
| (ബി) | ഇത് സംബന്ധിച്ച് സർക്കാർ നയം എന്താണ്; വിശദമാക്കുമോ; | ക്ഷേമ പദ്ധതികൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടില്ല. |
| (സി) | ആധാർ നിർബന്ധമാക്കിയിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ